(ബി) എങ്കിൽ ഈ ആവശ്യം പരിഗണിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കേരള സംഗീത നാടക അക്കാദമി, കേരള സാഹിത്യ അക്കാദമി, കേരള ലളിതകലാ അക്കാദമി, കേരള കലാമണ്ഡലം, ഭാരത് ഭവൻ തുടങ്ങിയ സ്ഥാപനങ്ങൾ വേതന പരിഷ്കരണം ആവശ്യപ്പെട്ടിട്ടുണ്ട്. സാഹിത്യ അക്കാദമിയുടെത് ഒഴികെയുള്ള അക്കാദമികളിലെ വേതന പരിഷ്കരണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

24 (438) ചലച്ചിത്ര അക്കാഡമിയിലെ അംഗങ്ങൾ

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലച്ചിത്ര അക്കാഡമിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു;

(ബി) പ്രസ്തുത അക്കാദമിയുടെ ഭരണ സമിതിയിൽ നിന്നും ആരെങ്കിലും രാജി വച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആരാണ്;

(ഡി) അതിനുള്ള കാരണമെന്തായിരുന്നു?

ഉത്തരം

(എ) സർവ്വശ്രീ.

ഷാജി. എൻ. കരുൺ (ചെയർമാൻ)

പ്രൊഫ. ജോൺ ശങ്കരമംഗലം (വൈസ് ചെയർമാൻ)

എ. മീരാ സാഹിബ് (എക്സി. കമ്മിറ്റി അംഗം)

കണിയാപുരം രാമചന്ദ്രൻ ,,

ജോർജ് സെബാസ്റ്റ്യൻ ,,

കെ.ജി. ജോർജ് ,,

മുരളി ,,

പഴവിള രമേശൻ ,,

പി.ടി. കുഞ്ഞിമുഹമ്മദ് (എം.എൽ.എ.) ,,

പി. ശ്രീനിവാസൻ ,,

മമ്മൂട്ടി ,,

കോയാമുഹമ്മദ് ,,

കെ. രാഘവൻ മാസ്റ്റർ ,,

കാളിദാസ് പുതുമന ,,

പി.വി. ഉണ്ണികൃഷ്ണൻ ,,

ജി. സാജൻ ,,

പി. ഗോവിന്ദപിള്ള ,,

LIBRARY ARCHIVES Kerala Legislative Assembly

എസ്. സുരേഷ് ബാബു ,,
എൽ. നടരാജൻ ഐ.എ.എസ്. ,,
ഡോ. പി. ഗീത ,,
ഡോ. ഡി. ബാബുപോൾ ഐ.എ.എസ്. ,,
ശ്രീമതി കെ.വി. ശ്രീദേവി ,,
(ജോയിന്റ് സെക്രട്ടറി - കൾച്ചർ)
ബി. രവീന്ദ്രൻ (സെക്രട്ടറി) ,,
എന്നിവരായിരുന്നു.

(ബി) അക്കാദമിയുടെ ഭരണ സമിതിയിൽ നിന്നും ഒരാൾ രാജിവച്ചിട്ടുണ്ട്.

(സി) ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് എം.എൽ.എ. ആണ് രാജി വച്ചത്.

(ഡി) വ്യക്തിപരമായ കാരണങ്ങളാലാണ് രാജി വച്ചത്.

25 (439) സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്കുള്ള പെൻഷൻ പദ്ധതി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹിഷാറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, വളിതകലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ച് 1997-98 ലെ സംസ്ഥാന ബഡ്ജറ്റിൽ 10 ലക്ഷം രൂപ വക കൊള്ളിച്ചിരുന്നിട്ടും പദ്ധതി നടപ്പിലാക്കുകയോ നടപ്പിലാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പെൻഷൻ പദ്ധതി പൂർവകാല പ്രാബല്യത്തോടെ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

26 (440) സാംസ്ക്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹിഷാറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സാംസ്ക്കാരിക സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സർക്കാർ ജീവനക്കാർക്ക് നൽകുന്ന സർവീസ് ദൈർഘ്യാധിഷ്ഠിത ഡെത്ത്-കം-റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയും പെൻഷനും സാംസ്ക്കാരിക

LIBRARY ARCHIVES Kerala Legislative Assembly